മി. സ്പീക്കർ: ചോദ്യോത്തരസമയം കഴിഞ്ഞതിനുശേഷം അതിനെക്കുറിച്ചു മറുപടി പറയാം.

ശ്രീ. സി. കണ്ണൻ: ചോദ്യോത്തരസമയം കഴിഞ്ഞതിനുശേഷം അതിനെക്കുറിച്ചുള്ള മറുപടി അങ്ങു തരുമോ?

മി. സ്പീക്കർ: തരാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇദ്ദേഹത്തെ ഞങ്ങൾ രാ സഭയിലേക്ക് തിരഞ്ഞെടുത്തു അയച്ചതാണ്. ഇവിടെ വന്നിരുന്നു മറുപടി പറയുന്നത് എന്തിനാണെന്ന് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ആർഡർ, ആർഡർ.

(ഈ സമയം ശ്രീ. ഇ. എം. ജോർജും, ശ്രീ. എസ്. ദാമോദരനും ചാടിയെണീറ്റ് പല ചോദ്യങ്ങളും ചോദിച്ച് ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഈമാതിരി വല്ല സംശയവുമുണ്ടെങ്കിൽ ചോദ്യോത്തരം കഴിഞ്ഞിട്ട് സമാധാനം പറയാമെന്ന് ഞാൻ തന്നെ മറുപടി പറഞ്ഞുകഴിഞ്ഞതാണ്. അതല്ലാതെ ഇപ്പോഴും ചോദിച്ചിട്ട് കാര്യമില്ല. ഇപ്പോഴും ചോദിച്ചാൽ മറുപടി പറയാൻ പോകുന്നുമില്ല.

ശ്രീ. ഇ. എം. ജോർജ്: ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. ഇത് ഞങ്ങൾക്ക് അറിയേണ്ട കാര്യമാണ്. സഭയിൽ, അംഗമല്ലാത്ത ഒരാൾ വന്നിരുന്നു മറുപടി പറയുന്നത് എന്തിനാണെന്നു മനസിലാകുന്നില്ല.

മി. സ്പീക്കർ: ഇത്തരം തർക്കവിഷയമായ കാര്യങ്ങൾക്ക് ചോദ്യോത്തരസമയം കഴിഞ്ഞതിനുശേഷം മറുപടി പറയാം.

മന്ത്രിമാരുടെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ

*2 [2] ശ്രീ. പി. എൻ. ചന്ദ്രസേനൻ;
ശ്രീ. ജോസഫ ചാഴിക്കാട്ട്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മീഷൻ ഓഫ് എൻകയറീസ് ആക്റ് അനുസരിച്ച് ഏതെല്ലാം മുൻ മന്ത്രിമാരുടെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെക്കുറിച്ചാണ് അന്വേഷണത്തിന് ഉത്തരവായിട്ടുള്ളത്;

(ബി) അന്വേഷണം നടത്തുന്നതിന് ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ അന്വേഷണങ്ങൾ എന്നത്തേക്കു പൂർത്തിയാകും;

(ഡി) മുൻമുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പേരിൽ അന്വേഷണം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടും അത് നടത്താതിരിക്കാൻ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ) ശ്രീ. പി. കെ. കുഞ്ഞ്, ശ്രീ. ടി. വി. തോമസ്, ശ്രീ. എം. എൻ. ഗോവിന്ദൻ നായർ, ശ്രീ. പി. ആർ. കുറുപ്പ്, ശ്രീ. ബി. വെല്ലിംഗ്ടൺ, ശ്രീ. ഇ. കെ. ഇമ്പിച്ചബാവ, ശ്രീ. എം. കെ. കൃഷ്ണൻ, ശ്രീ. മത്തായിമാഞ്ഞൂരാൻ, ശ്രീമതി കെ. ആർ. ഗൗരി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. പി. ഗോവിന്ദമേനോൻ, റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. എ. എൻ. മുള്ള, റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. എസ്. വേലുപ്പിള്ള.

(സി) ഇപ്പോഴത്തെ നിലവിലുള്ള ഗവൺമെൻറുത്തരവനുസരിച്ച്, ഗോവിന്ദമേനോൻ കമ്മിഷൻ 31–3–1970–നു മുൻപും, എ. എൻ. മുള്ള കമ്മിഷൻ 31–1–1970–നു മുൻപും, വേലുപ്പിള്ള കമ്മിഷൻ 28–2–1970–നു മുൻപും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഡി) മേൽപറഞ്ഞവരുടെ കാര്യത്തിൽ ഒന്നുകിൽ അന്വേഷണം നടത്തണമെന്ന് നിയമസഭ പ്രമേയം അനുശാസിച്ചിട്ടുണ്ട്, അല്ലെങ്കിൽ അന്വേഷണം നടത്താൻ മുൻ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവുച്ചിരുന്നു. അതുകൊണ്ട് ആ നടപടികളും തുടർന്നുവരുന്നു. ശ്രീ. നമ്പൂരിപ്പാടിനെ സംബന്ധിച്ചിടത്തോളം ഇതു രണ്ടുമില്ല.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഏതെല്ലാം മുൻമന്ത്രിമാരുടെ പേരിലുള്ള അന്വേഷണമാണ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളത്?

ശ്രീ. സി. അച്യുതമേനോൻ: ശ്രീ. പി. ആർ. കുറുപ്പിൻെറ പേരിലുള്ള അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: അന്വേഷണം നടത്തണമെന്ന് ഈ സഭ തീരുമാനിക്കാത്ത ആളുകളുടെ പേരിലും അന്വേഷണ ഉത്തരവ് മുൻമുഖ്യമന്ത്രി പുറപ്പെടുവിച്ചിട്ടുള്ളതിനെ പരിഗണിച്ച് ആരോപണ വിധേയനായ മുൻ മുഖ്യമന്ത്രി ശ്രീ. നമ്പൂതിരിപ്പാടിൻെറ പേരിൽ അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എന്താണ് തടസ്സം.?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നില്ല. കാരണം എന്താണെന്നുവച്ചാൽ ഇപ്പോഴത്തെ ഗവൺമെൻറ് അന്വേഷണത്തെ സംബന്ധിച്ചിടത്തോളം ഒരു താൽക്കാലിക ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്. അതിൽ ഏതെങ്കിലും മന്ത്രിമാരുടെ പേരിലോ, മുൻമന്ത്രിമാരുടെ പേരിലോ ഒരു പൗരൻ ആരോപണം ഉന്നയിക്കാവുന്നതാണെന്ന വ്യവസ്ഥ ഉണ്ടായിട്ടുണ്ട്. അങ്ങനെ ആരോപണം ഉന്നയിക്കണമെന്നു വിചാരിക്കുന്ന ആൾ 500 രൂപാ കെട്ടിവച്ച് ഹർജി തയ്യാറാക്കി പീഫ് സെക്രട്ടറിക്ക് അയച്ചാൽ ഉടൻതന്നെ ആ ഹർജി ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിക്ക് സമർപ്പിക്കുന്നതാണ്. അദ്ദേഹം അതു പരിശോധിച്ച് പ്രഥമദൃഷ്ട്യാ കേസുണ്ടെന്നു ഗവൺമെൻറിലേക്ക് റിപ്പോർട്ട് ചെയ്താൽ മാത്രമേ ഗവൺമെൻറ് കമ്മിഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരം അന്വേഷണോത്തരവ് പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുള്ളു. അതാണ് ഇപ്പോഴും അംഗീകരിച്ചിരിക്കുന്ന നടപടി. ആ നടപടി ക്രമമനുസരിച്ച് ഏതൊരു പൗരനും ഹർജി ഗവൺമെൻറിന് സമർപ്പിക്കാവുന്നതാണ്.

ശ്രീ. കെ. കെ. അബു: താൽക്കാലിക ഏർപ്പാടുണ്ടാക്കുന്നതിനു മുൻപ്, ശ്രീ. നമ്പൂതിരിപ്പാടിൻെറ പേരിൽ അന്വേഷണത്തിനു ഉത്തരവിട്ടില്ലെങ്കിൽ ഐ. എസ്. പി. ആയിരിക്കണമെന്ന് വാളണ്ടിയേഴ്സിനെകൊണ്ട് അതിനു വേണ്ടി സമരപരിപാടി നടത്തുമെന്നു പ്രഖ്യാപിച്ചിട്ടും എന്തുകൊണ്ടാണ് അന്വേഷണം നടത്തിക്കാതിരിക്കുന്നത്?

ശ്രീ. സി. അച്യുതമേനോൻ: അതു ഞാൻ ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. ഇന്നത്തെ ഗവൺമെൻറ് വിവിധകക്ഷികളും ചേർന്നുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുകക്ഷി ഗവൺമെൻറാണു്. ഒരു പാർട്ടിയുടെ അഭിപ്രായം മാത്രം അംഗീകരിക്കപ്പെട്ടു എന്നു വരികയില്ല. എല്ലാ പാർട്ടികളും കൂടി കൂട്ടായി എടുക്കുന്ന തീരുമാനമാണു് നടപ്പിൽ വരുത്തുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: താൽക്കാലിക ഏർപ്പാടുണ്ടാക്കി എന്നു പറഞ്ഞു. അതു് ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണു് ഉണ്ടാക്കിയത്?

ശ്രീ. സി. അച്യുതമേനോൻ: ഒരു പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിലല്ല, എക്സിക്യൂട്ടീവ് ആർഡർ പ്രകാരമാണ്.

ശ്രീമതി കെ. ആർ. ഗൗരി: ആരുടെയെങ്കിലും പേരിൽ ആരോപണം വയ്ക്കുന്ന ആൾ, കമ്മീഷന്റെ മുൻപിൽ ഹാജരാകാൻമനസില്ലെന്നു പറഞ്ഞാൽ എന്തു ചെയ്യും.?

ശ്രീ. സി. അച്യുതമേനോൻ: മനസില്ലെന്നു പറഞ്ഞാൽ അന്വേഷണം നടത്താൻ സാധിക്കുകയില്ല.

ശ്രീ. എം. രാമുണ്ണി: ശ്രീ. റ്റി. കെ. ദിവാകരൻ മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണമെന്ന് സ്വമേധയാ മുന്നോട്ടു വരികയും, മന്ത്രിസഭായോഗത്തിൽ അദ്ദേഹം അത് വ്യക്തമാക്കുകയും ചെയ്തതായി പത്ര റിപ്പോർട്ടുകളുണ്ടായിരുന്നു. സ്വയം വിധേയനായി മുന്നോട്ടുവന്ന അദ്ദേഹത്തിന്റെ അന്വേഷണം എവിടെ നിൽക്കുന്നു എന്നും, അദ്ദേഹത്തിന്റെ ആഫർ അദ്ദേഹം പിൻവലിച്ചോ എന്നും അറിഞ്ഞാൽ കൊള്ളാം.

ശ്രീ. സി. അച്യുതമേനോൻ: മുൻപത്തെ ഗവൺമെൻറ് നിലവിലിരുന്ന കാലത്താണ് അങ്ങനെയൊരു ആഫർ ഉണ്ടായത്. ആ ഗവൺമെൻറ് ആഫർ സ്വീകരിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ നടപടി നടത്തേണ്ട എന്നു തീരുമാനിച്ചു.

ശ്രീമതി. കെ. ആർ. ഗൗരി: താൽക്കാലിക ഏർപ്പാടിന് നിയമപ്രാബല്യമില്ലാത്ത സ്ഥിതിക്ക് ഇത് ജനങ്ങളെ കബളിപ്പിക്കലല്ലെ?

ശ്രീ. സി. അച്യുതമേനോൻ: തീർച്ചയായും അല്ല.

ശ്രീ. കെ. ടി. ജോർജ്: ചില മന്ത്രിമാരുടെ പേരിൽ അന്വേഷണം നടത്തേണ്ടതാണെന്നു തീരുമാനിച്ചതിന് ഈ ഗവൺമെൻറ് സ്വീകരിച്ച മാനദണ്ഡം എന്താണ്?

ശ്രീ. സി. അച്യുതമേനോൻ: ഒരു ആളിന്റെ പേരിലും നടപടിയെടുക്കാൻ പുതുതായി തീരുമാനമെടുത്തിട്ടില്ല. മുൻപ് എടുത്തിരുന്ന തീരുമാനം നടപ്പിൽ വരുത്തുക മാത്രമാണ് ചെയ്യുന്നത്. പുതുതായി തീരുമാനമെടുക്കുകയാണെങ്കിൽ ഞങ്ങളം അംഗീകരിക്കുന്ന നടപടിക്രമമാണ് ഇവിടെ വിശദീകരിച്ചത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പ്രഥമ ദൃഷ്ട്യാ കേസുണ്ടെങ്കിൽ കമ്മീഷൻ ആക്ട് എൻക്വയറീസ് ആക്ട് അനുസരിച്ചു് അന്വേഷണത്തിനു വിടേണ്ടതാണു്. അങ്ങനെ പ്രഥമ ദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധിച്ച് അഡ്വൈസ് ചെയ്യുന്നതിന് ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉപദേശം തേടുന്നതിന് നിയമപ്രാബല്യമില്ലേ? അതിന് നിയമ സാംഗത്വമില്ലേ?

ശ്രീ. സി. അച്യുതമേനോൻ: നിയമ സാംഗത്വമില്ലാതിരിക്കുന്നത് ഒരു പ്രത്യേക നിയമമനുസരിച്ചല്ല ഈ നടപടിക്രമം അംഗീകരിച്ചിരിക്കുന്നത്. എന്നുള്ളതുകൊണ്ടാണ്. അതേ സമയം കമ്മീഷൻ ആക്ട് എൻക്വയറീസ് ആക്ട് അനുസരിച്ച് ഏതെങ്കിലും ആരോപണത്തിൻമേൽ അന്വേഷണം നടത്തുന്നതിന് ഉത്തരവിടാൻ ഗവൺമെൻറിന് അധികാരമുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മന്ത്രിമാരുടെ പേരിലുള്ള അന്വേഷണം ഇത്രാം തീയതിക്കകം തീരുമാനിക്കണമെന്ന് ആർഡർ ഉണ്ടാക്കിയിട്ടുണ്ടോ? അതനുസരിച്ച് നടക്കുമെന്ന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. അച്ചുതമേനോൻ: ഓരോ എൻക്വയറി ആർഡർ പുറപ്പെടുവിക്കുമ്പോഴും ഇന്ന തീയതിക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന വ്യവസ്ഥ ചെയ്യും. ചിലപ്പോൾ ആ തീയതിക്കകം റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കാതെ വരികയാണെങ്കിൽ സമയം നീട്ടിക്കൊടുക്കും.

ശ്രീ. കെ. കെ. അബു: അന്വേഷണത്തിൽനിന്ന് രക്ഷപ്പെടാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അന്വേഷണത്തിന് സ്വമേധയാ മുന്നോട്ടു വന്നാൽ അന്വേഷിക്കുന്നതിന് എന്താണ് തടസ്സം?

ശ്രീ. സി. അച്യുതമേനോൻ: അതേപ്പറ്റി പറയാൻ സാധിക്കുകയില്ല. രണ്ടുപേർ ആഫർ വച്ചു. നമ്പൂതിരിപ്പാട് പരസ്യമായി ആഫർവച്ചു. ഇനി ആരെല്ലാം അങ്ങനെ വരുമെന്ന് അറിയുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: കമ്മീഷൻ ആക്ട് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3 പ്രകാരം ഒന്നുകിൽ ഗവൺമെൻറ് സാറ്റിസ്ഫൈ ചെയ്തിരിക്കണം. അല്ലെങ്കിൽ നിയമസഭ പ്രമേയം പാസാക്കിയിരിക്കണം. അതല്ലാതെ വേറൊരു ജുഡീഷ്യലാഫീസറെ പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധിക്കുന്നതിനുവേണ്ടി നിയമിക്കാൻ ഉത്തരവിടുന്നത് അസാധുവാകുകയില്ലേ?

ശ്രീ. സി. അച്യുതമേനോൻ: ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി: ചോദ്യത്തിന് ഉത്തരം കൊടുക്കുന്നതിന് പുറകേയിരുന്ന പ്രോംപ്റ്റ് ചെയ്യുന്നത് ശരിയാണോ? ഞങ്ങൾക്ക് കിട്ടേണ്ട സ്ഥലത്തുനിന്ന് ഉത്തരം കിട്ടണം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: അപ്പുറത്തിരിക്കുന്ന ചില ആളുകൾക്ക് ഇപ്പോഴും മന്ത്രിമാരാണെന്ന ഭാവമാണുള്ളത്.

ശ്രീമതി. കെ. ആർ. ഗൗരി: മന്ത്രിമാരാകാൻ ആഗ്രഹിക്കുന്ന ആളുകളും ഇനി മന്ത്രിമാരാകാൻ കച്ചകെട്ടിയിരിക്കുന്ന ആളുകളും ഉത്തരം പറഞ്ഞുകൂടാ.

നിയമപ്രകാരം, സെക്ഷൻ 3 പ്രകാരം രണ്ടുപാധിയാണ് എഴുതിയിട്ടുള്ളത്. ഇതല്ലാതെ വേറൊരു ജുഡിഷ്യൽ ആഫീസറെ നിയമിച്ച് പ്രൈമാഫസി കേസുണ്ടോ എന്നു നോക്കി ഗവൺമെൻറ് സാറ്റിസ്ഫൈ ചെയ്ത ഉത്തരവിട്ടാൽ അസാധുവാകുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ ഇതിനെ സംബന്ധിച്ചു പറയാൻ സാധിക്കുകയില്ല. അസാധുവാണെന്നു സംശയം തോന്നുകയാണെങ്കിൽ ഹൈക്കോടതിയെ സമീപിക്കാം, റിട്ടുകൊടുക്കാം.

ശ്രീ. കെ. കരുണാകരൻ: കമ്മീഷൻ ഓഫ് എൻകയറീസ് ആക്ട് അനുസരിച്ച് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നടപടി നിയമപ്രകാരമല്ലെങ്കിൽ തന്നെയും ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള നടപടി 500 ഉറുപ്പിക കെട്ടിവയ്ക്കണമെന്നുള്ള നിബന്ധന മാറ്റിവയ്ക്കാൻ സാധിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അതുമാറ്റിവയ്ക്കുന്നത് ഉചിതമായിരിക്കുമെന്നു ഗവൺമെൻറ് വിശ്വസിക്കുന്നില്ല. കാരണം നിരുത്തരവാദപരമായി ചില ആളുകൾ ആരോപണം ഉന്നയിച്ചേക്കാം. അതിന് ഏതെങ്കിലും തരത്തിൽ ഒരു ചെറിയ തടസമെങ്കിലും വേണമെന്നുള്ള നിർബന്ധം കൊണ്ടാണ് 500 ഉറുപ്പിക കെട്ടിവയ്ക്കണമെന്നു പറയുന്നത്.

ശ്രീ. കെ. കരുണാകരൻ: സാമ്പത്തികമായി കഴിവില്ലാത്ത ആളുകൾക്കും ആരോപണം ഉന്നയിക്കുന്നതിന് സന്ദർഭം ഉണ്ടാക്കത്തക്കവിധത്തിൽ 500 ഉറുപ്പിക എന്നുള്ളത്, കുറവുചെയ്യാനെങ്കിലും സന്നദ്ധമാകുമോ?

ശ്രീ. സി. അച്യുതമേനോൻ: ഗൗരവതരമായ ആരോപണങ്ങളും മന്ത്രിമാരുടെ പേരിൽ ഉന്നയിക്കുകയാണെങ്കിൽ 500 ഉറുപ്പിക പിരിച്ച് കെട്ടിവയ്ക്കാൻ സാധിക്കുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. എം. രാമുണ്ണി: ഇപ്പോൾ റിട്ടുകൊടുത്ത് അന്വേഷണത്തിൽനിന്നും താൽക്കാലികമായി രക്ഷപ്പെട്ടിരിക്കുന്ന മന്ത്രിമാരുടെ പേരിൽ അന്വേഷണം തുടർന്നു നടത്താൻ ഈ ഗവൺമെൻറ് വിചാരിക്കുന്നുണ്ടോ; അതിനു വേണ്ട നടപടികളും എടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. അച്യുതമേനോൻ: അതിന് ഗവൺമെൻറിന് അധികാരമില്ല. ഹൈക്കോടതി ഒരുത്തരവ് സ്റേ ചെയ്തുകഴിഞ്ഞാൽ ആ സ്റേ വകവയ്ക്കാതെ മുന്നോട്ടു പോകാൻ നിവൃത്തിയില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മുതലാളിമാരായ ആളുകൾക്ക് രണ്ടായിരത്തി അഞ്ഞൂറു രൂപ ഉണ്ടെങ്കിൽ അഞ്ചുപേരുടെ പേരിൽ അഴിമതിയാരോപണം ഉന്നയിക്കാൻ സാധിക്കുമെന്നുള്ള ഒരു നടപടിക്രമമല്ലെ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. സി. അച്യുതമേനോൻ: നിയമവും നടപടിക്രമവും ഉണ്ടെങ്കിൽ ആ നിയമത്തേയും നടപടിക്രമത്തേയും നല്ല കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള സന്ദർഭവും, അതുപോലെ ദുരുപയോഗപ്പെടുത്താനുള്ള സന്ദർഭവുമുണ്ട്. ഗവൺമെൻറു വിചാരിച്ചാൽ എന്താണ് ചെയ്യാൻ കഴിയുക. എല്ലാ നിയമങ്ങളിലും കുഴപ്പമുണ്ട്.

ശ്രീ. കെ. കെ. അബു: സാങ്കേതികകാരണങ്ങളാൽ തടിരക്ഷപ്പെട്ടു വരുന്ന ആളുകളെ മന്ത്രിസഭയിൽ വീണ്ടും ചേർക്കാനുള്ള ശ്രമം ഉണ്ടോ?

മി. സ്പീക്കർ: അതിന് ഉത്തരം പറയേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. ആര്യൻ: ഈ അസംബ്ലിയിൽ പിൻവാതിലിൽകൂടി അകത്തുകയറുക എന്ന ഏറ്റവും വലിയ അഴിമതിചെയ്തിട്ടുള്ള മുഖ്യമന്ത്രിയുടെ പേരിൽ അന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

മി. സ്പീക്കർ: ആ ചോദ്യത്തിന് ഉത്തരം പറയേണ്ട.

ശ്രീ. എം. കെ. എ. ഹമീദ്: നിരുത്തരവാദപരമായി അഴിമതിയാരോപണം ഉന്നയിക്കാനുള്ള സാധ്യതയുണ്ടെന്നും, അതു തടയാനാണ് 500 ഉറുപ്പിക കെട്ടിവയ്ക്കണമെന്നുള്ള നിബന്ധന വച്ചിട്ടുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇത്തരത്തിലുള്ള നിരുത്തരവാദപരമായ നടപടികളും തടയുന്നതിനു വേണ്ടി നിരുത്തരവാദപരമായിട്ടാണു് ആരോപണം ഉന്നയിച്ചിട്ടുള്ളതെന്നു തെളിയുകയാണെങ്കിൽ അങ്ങനെയുള്ളവരെ ശിക്ഷിക്കുന്നതിനുള്ള നിബന്ധന നിയമത്തിൽ വച്ചുകൂടെ?

ശ്രീ. സി. അച്യുതമേനോൻ: പബ്ലിക്മെൻ എൻക്വയറീസ് ആക്ട് അവസാനം പാസാക്കുന്ന അവസരത്തിൽ ഈ നിർദ്ദേശത്തെപ്പറ്റി പരിഗണിക്കുന്നതാണ്. അതിനുമുൻപുവേണമെങ്കിൽ അന്വേഷണ വിധേയമായിട്ടുള്ള ആളുകൾക്ക് കോടതിവിധി വന്നതിനുശേഷം മലീഷ്യസ് പ്രോസിക്യൂഷൻ അനുസരിച്ച് ചിലപ്പോൾ ആരോപണം ഉന്നയിച്ച ആളുടെ പേരിൽ നടപടിയെടുക്കാൻ സാധ്യതയുണ്ടെന്നു തോന്നുന്നു.

ഡ്യൂട്ടി ഇളവ്

* 3. [3] ശ്രീ. എൻ. പ്രഭാകരത്തണ്ടാർ :
ശ്രീ. ഈ. ബാലാനന്ദൻ :
ശ്രീ. ടി. കെ. രാമകൃഷ്ണൻ :
ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ :
ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. വി. ശ്രീധരൻ :
ശ്രീ. ഈ. വി. കുമാരൻ :
ശ്രീ. എ. പി. കുര്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് എസ്റ്റേറ്റു ഡ്യൂട്ടിയോ സ്റ്റാമ്പ് ഡ്യൂട്ടിയോ ഇളവുചെയ്തു കൊടുത്തിട്ടുണ്ടോ;

(ബി) ബ്രൈമൂർ, ഗാന്ധിമതി, എന്നീ എസ്റ്റേറ്റുകളുടെ ഉടമാവകാശം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്;

(സി) പ്രസ്തുത എസ്റ്റേറ്റുടമകളും ഗവൺമെന്റിലേക്ക് അടയ്ക്കേണ്ട സ്റ്റാമ്പു ഡ്യൂട്ടി മുഴുവൻ അടച്ചു തീർത്തിട്ടുണ്ടോ ;

(ഡി) പ്രസ്തുത എസ്റ്റേറ്റുകളും ഒരു കമ്പനിക്ക് തീറു കൊടുത്തു എന്നറിയുന്നത് ശരിയാണോ ;

(ഇ) ആണെങ്കിൽ പ്രസ്തുത കമ്പനിയുടെ പാർട്ടണേഴ്സ് ആരൊക്കെയാണ്;

(എഫ്) പുതുതായി വാങ്ങുന്ന എസ്റ്റേറ്റുകൾക്ക് ആദായനികുതിയിനത്തിൽ എന്തെങ്കിലും ആനുകൂല്യം ചെയ്തുകൊടുക്കാറുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly